# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 541

25.10.2011 ൽ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എ. അസീസ്<br>കോവൂർ കുഞ്ഞുമോൻ | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ പ്രവർത്തനങ്ങളിൽ 'ഇവന്റ് മാനേജ്മെന്റു'കളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അവ ഏതൊക്കെയാണെന്നും എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇവർ കാഴ്ചവയ്ക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | ക്രയോൺസ് അഡ്വർടൈസിംഗ് ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ് ഇവന്റ് മാനേജ്മെന്റിന്റെ പ്രവർത്തനത്തിനായി നിയോഗിച്ചിട്ടുള്ളത്. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ എല്ലാ പ്രവർത്തനങ്ങളും ഇവന്റ് മാനേജ്മെന്റ് മുഖേനയാണ് നടപ്പിലാക്കുന്നത്. ഷോപ്പുകളുടെ രജിസ്ട്രേഷൻ, മേളകൾ, ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഉദ്ഘാടനം ആഘോഷം, പരസ്യ പ്രചാരണങ്ങൾ, രജിസ്റ്റർ ചെയ്ത ഷോപ്പുകൾക്കുള്ള പരസ്യ ബോർഡുകളുടെയും, ആർച്ചുകളുടെയും വിതരണം, കൂപ്പണുകളുടെ വിതരണം, നറുക്കെടുപ്പുകൾ എന്നിങ്ങനെ ഷോപ്പിംഗ് ഫെസ്റ്റിവലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇവന്റ് മാനേജ്മെന്റ് ഏജൻസി ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഷോപ്പിംഗ് ഫെസ്റ്റിവലിനോടനുബന്ധിച്ചുള്ള സമ്മാനങ്ങളിൽ പലതും ഗുണനിലവാരം കുറഞ്ഞതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ഡി) | 2010 ഡിസംബർ 1 മുതൽ ജനുവരി 15 വരെ സംഘടിപ്പിച്ച ഷോപ്പിംഗ് ഫെസ്റ്റിവലിൽ പങ്കെടുത്ത ചില വ്യാപാര സ്ഥാപനങ്ങൾ സ്ക്രാച്ച് ആന്റ് വിൻ കൂപ്പണുകളിലൂടെ നൽകുന്ന സമ്മാനങ്ങൾക്ക് ഗുണനിലവാരമില്ല എന്ന് അറിയിച്ചതിനെത്തുടർന്ന് ടി ഷോപ്പുകൾക്ക് ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ സമ്മാന വിതരണത്തിന് നൽകി. |
| (ഇ) | സമ്മാനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | സമ്മാനങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി സ്ക്രാച്ച് ആന്റ് വിൻ കൂപ്പണുകൾ വഴി ലഭിക്കുന്ന സമ്മാനങ്ങളായി മുൻകാലങ്ങളിൽ നൽകിയിരുന്ന ഉല്പന്നങ്ങൾ ഒഴിവാക്കി പകരം 1 ഗ്രാം സ്വർണ്ണ നാണയങ്ങളും, ഡിസ്കൗണ്ട് വൗച്ചറുകളുമാണ് ഈ വർഷം നൽകാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ